കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - സംസ്ഥാനത്ത് പുതിയ 30 വില്ലേജ് ഓഫീസുകൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (എഫ്) വകുപ്പ്

സ.ഉ. (എം.എസ് ) നം.230/13/റവന്യൂ തിരുവനന്തപുരം, തീയതി 29.05.2013

പരാമർശം : ലാന്റ് റവന്യൂ കമ്മീഷണറുടെ 18.06.2012 ലെ എൽ.ആർ.(എം) 1/42541/09-ാം നമ്പർ കത്ത്.

## ഉത്തരവ്

ലാന്റ് റവന്യൂ കമ്മീഷണർ, പരാമർശത്തിലെ കത്ത് പ്രകാരം, സംസ്ഥാനത്ത് ഒരു പഞ്ചായത്തിൽ ഒരു വില്ലേജ് ഓഫീസ് എന്ന നയം നടപ്പാക്കുന്നതിന്റെ ഭാഗമായി, സംസ്ഥാനത്ത് നിലവിൽ വില്ലേജ് ഓഫീസുകൾ ഇല്ലാത്ത 30 ഗ്രാമ പഞ്ചായത്തുകൾ അടങ്ങിയ ശുപാർശ ലഭ്യമാക്കിയിരുന്നു. സർക്കാർ പ്രസ്തുത ശുപാർശ വിശദമായി പരിശോധിക്കുകയും സംസ്ഥാനത്ത് താഴെപ്പറയുന്ന ഗ്രാമ പഞ്ചായത്തുകളിൽ പുതിയ വില്ലേജ് ഓഫീസുകൾ രൂപീകരിച്ച് ഉത്തരവാകുകയും ചെയ്യുന്നു.

| ക്രമ നം | ഗ്രാമ പഞ്ചായത്തിന്റെ പേര് | ജില്ല |
|---|---|---|
| 1 | അഞ്ചുതെങ്ങ് | തിരുവനന്തപുരം |
| 2 | പൂവാർ | |
| 3 | ബാലരാമപുരം | |
| 4 | പേരയം | കൊല്ലം |
| 5 | ചേർത്തല തെക്ക് | ആലപ്പുഴ |
| 6 | അമ്പലപ്പുഴ വടക്ക് | |
| 7 | പൂഞ്ഞാർ തെക്കേക്കര | കോട്ടയം |
| 8 | കടപ്ലാമറ്റം | |
| 9 | കോരുത്തോട് | |
| 10 | ഉദയനാപുരം | |
| 11 | റ്റി.വി.പുരം | |
| 12 | തുമ്പമൺ | പത്തനംതിട്ട |
| 13 | മൂന്നാർ | ഇടുക്കി |
| 14 | ഇടമലക്കുടി | |
| 15 | കാഞ്ചിയാർ | |
| 16 | ഇരട്ടയാർ | |
| 17 | പല്ലാരിമംഗലം | എറണാകുളം |
| 18 | ചൂർണ്ണിക്കര | |
| 19 | കീഴ്മാട് | |
| 20 | അതിരപ്പിള്ളി | തൃശ്ശൂർ |
| 21 | നെൻമണിക്കര | |
| 22 | പൂക്കോട്ടുകാവ് | പാലക്കാട് |
| 23 | എടരിക്കോട് | മലപ്പുറം |
| 24 | മൂത്തേടം | |
| 25 | പോത്തുകല്ല് | |
| 26 | കട്ടിപ്പാറ | കോഴിക്കോട് |
| 27 | ഉദയഗിരി | കണ്ണൂർ |
| 28 | പെരിങ്ങളം | |
| 29 | ചൊക്ലി | |
| 30 | വലിയപറമ്പ് | കാസറഗോഡ് |

പുതുതായി രൂപീകരിക്കപ്പെടുന്ന ഓരോ വില്ലേജ് ഓഫീസിനും നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പ്രകാരം താഴെപ്പറയുന്ന 6 തസ്തികകൾ ആവശ്യമുണ്ട്.

| നമ്പർ | തസ്തികകൾ | എണ്ണം | 30 വില്ലേജുകൾക്കു ആവശ്യമായ ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1. | വില്ലേജ് ഓഫീസർ | 1 | 30 |
| 2. | വില്ലേജ് അസിസ്റ്റന്റ്/ സ്പെഷ്യൽവില്ലേജ് ഓഫീസർ | 2 | 60 |
| 3. | വില്ലേജ് മാൻ | 2 | 60 |
| 4. | പാർട്ടൈംസ്വീപ്പർ | 1 | 30 |
| | ആകെ | 6 | 180 |

ആയതിനാൽ പുതിയതായി രൂപീകരിക്കപ്പെടുന്ന 30 വില്ലേജ് ഓഫീസുകളിൽ നിയമിക്കുന്നതിനായി മുകളിൽ സൂചിപ്പിക്കുന്ന 180 തസ്തികകൾ പുതിയതായി സൃഷ്ടിച്ചു കൊണ്ടും ഉത്തരവാകുന്നു.

പുതുതായി രൂപീകരിക്കുന്ന 30 വില്ലേജാഫീസുകളെ സംബന്ധിച്ച വിശദമായ വിജ്ഞാപനം പ്രത്യേകമായി പുറപ്പെടുവിക്കുന്നതാണ്

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**റ്റി. ജെ. മാത്യു**
റവന്യു സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
ഡയറക്ടർ സർവ്വെ & ലാന്റ് റിക്കാർഡ്സ് തിരുവനന്തപുരം
ജില്ലാ കളക്ടർ (14 ജില്ലകൾ)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം,കേരള
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം, കേരള
ധനകാര്യ വകുപ്പ് (ഫയൽ നമ്പർ 3091/വ്യയം എ3/13/ ധന. തീയതി 07.05.2013)
പൊതു ഭരണ (എസ്.സി) വകുപ്പ് (22.05.2013 -ലെ മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ ഇനം നം.3630 പ്രകാരം)
റവന്യു വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
വിവര പൊതുജന സമ്പർക്ക വകുപ്പ്
ബഹു.റവന്യൂവും കയറും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യു സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ